പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6582 — 08.11.2016 ൽ മറുപടിയ്ക്ക്

ശബരി ബ്രാന്റ് സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ശബരി ബ്രാന്റ് സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | (എ) യും (ബി) യും | ഓരോ ശബരി ഉൽപ്പന്നവും വിതരണം ചെയ്യുന്നത് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് & കാലിബ്രേഷൻ ലബോറട്ടറി (NABL) യുടെ അംഗീകാരമുള്ള ലാബുകളിൽ വ്യത്യസ്ത ബാച്ചുകൾ തോറും പരിശോധന നടത്തിയതിനു ശേഷമാണ്. ഗുണ നിലവാരത്തിൽ എന്തെങ്കിലും വ്യതിയാനം കണ്ടുപിടിച്ചാൽ പ്രസ്തുത സ്റ്റോക്ക് പിൻവലിക്കുന്നതിനും ശിക്ഷാ നടപടികൾ എടുക്കുന്നതിനും കരാർ അവസാനിപ്പിച്ച് പുതിയ ടെൻഡർ വിളിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കരാറിൽ നിലവിലുണ്ട്. ശബരി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഒരു ഗുണനിലവാര പരിശോധനാ സംഘം സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, ഡിപ്പോ തലത്തിലും ആകസ്മിക പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ലാബിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) ഇവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കൃത്യവും കുറ്റമറ്റതുമായ സ്ഥിരം പരിശോധന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ